POLICE DEPARTMENT

KERALA

**No. N5-31803/2022/PHQ**
Police Headquarters,
Thiruvananthapuram
phq.pol@kerala.gov.in
04712721547
Dated. 21-04-2025

**പുനർ ലേല പരസ്യം**

തിരുവനന്തപുരം നന്ദാവനം പോലീസ് ചീഫ് സ്റ്റോറിന്റെ വലതു വശത്തായി നിൽക്കുന്ന **രണ്ട് മഹാഗണി മരങ്ങൾ മുറിച്ച് മാറ്റുന്നതിനായി 22/04/2025 തീയതി 11.30 മണിയ്ക്ക് പോലീസ് ആസ്ഥാനത്ത് വെച്ച് പരസ്യമായി ലേലം ചെയ്ത്** കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നു.

ലേലത്തിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ ലേലസ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുൻപ് **നിരതദ്രവ്യമായ ₹40,603/-( നാൽപ്പത്തിനായിരത്തി അറുന്നൂറ്റി മൂന്നു രൂപ) )രൂപ പോലീസ് ആസ്ഥാനത്തെ ക്യാഷ്യർ** വശം കെട്ടിവച്ച് ലേലത്തിൽ പങ്ക് ചേരാവുന്നതാണ്. ലേലത്തിൽ പങ്കെടുത്ത് ടി മരം വാങ്ങാനുദ്ദേശിക്കുന്നവർക്ക് നേരിട്ടോ തപാൽ മുഖേനയോ സീൽ ചെയ്ത **ദർഘാസുകൾ 21/04/2025 തീയതി 4 മണിക്കു മുൻപായി** സംസ്ഥാന പോലീസ് മേധാവിയുടെ ഓഫീസിൽ ലഭിക്കത്തക്കവിധം നൽക്കാവുന്നതാണ്. ദർഘാസുകൾക്കൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും സംസ്ഥാന പോലീസ് മേധാവിയുടെ പേരിൽ മാറാവുന്ന നിശ്ചിത തുകക്കുള്ള ഡിമാൻറ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതുമാണ്. ദർഘാസുകൾ ലേലത്തിൽ പങ്കെടുത്തവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും യുക്തമെന്ന് തോന്നുന്നപക്ഷം ലേലം വിളിച്ച തുക/ദർഘാസ് തുക എന്നിവയിൽ ഏതാണോ കൂടുതൽ അവയിൽ ഏറ്റവും കൂടിയ തുകയ്ക്ക് ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതുമായിരിക്കും.

ഇപ്രകാരം ലേലം ഉറപ്പിച്ചു കിട്ടുന്നവർ ലേലം/ദർഘാസ് തുകയുടെ **5% വന വികസന നികുതിയും, വന വികസന നികുതിയുടെയും വിൽപ്പന വിലയുടെയും 18% GST യും മറ്റ് നിയമാനുസൃത നികുതിയും കൂടി** അടയ്ക്കേണ്ടതാണ്. വന വികസന നികുതിയായി ഈടാക്കുന്ന **തുക 0406-01-101-96-00-FDT എന്ന ശീർഷകത്തിൽ ഡിവിഷൻ കോഡ് 0101-250-020 ചെല്ലാൻ** മുഖാന്തിരം സർക്കാർ ഖജനാവിൽ ഒടുക്കി അസൽ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിയിട്ടുള്ള ഉത്തരവ് ലഭിക്കുന്നമുറയ്ക്ക് **സ്വന്തം ചെലവിൽ 10 ദിവസത്തിനുള്ളിൽ മരംമുറിച്ച് നീക്കം ചെയ്യേണ്ടതാണ്. മരങ്ങൾ മുറിച്ച് തടി മാറ്റുമ്പോൾ കെട്ടിടങ്ങൾക്കോ മറ്റ് വസ്തുവകകൾക്കോ യാതൊരുകേടും ഉണ്ടാകുവാൻപാടുള്ളതല്ല. ഇങ്ങനെ ഉണ്ടാകുന്നപക്ഷം ലേലം കൊണ്ടയാൾ സ്വന്തം ചെലവിൽ കേടുപാടുകൾ തീർക്കേണ്ടതാണ്.** ലേലം നഷ്ടപ്പെട്ടവർക്ക് നിരതദ്രവ്യം തിരിച്ച് നൽകുന്നതാണ്.

ലേലത്തിൽ പങ്ക് ചേരുവാൻ ആഗ്രഹിക്കുന്നവർ ലേലം തീയതിക്ക് മുന്നേയുള്ള പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10.00 മണിമുതൽ 4.00 മണിവരെ സമയങ്ങളിൽ മേൽ പറഞ്ഞിട്ടുള്ള മരങ്ങൾ പി.എച്ച്.ക്യൂ. ഡ്യൂട്ടി ഓഫീസറുടെ അനുവാദത്തോടെ പരിശോധിക്കാവുന്നതാണ്. പ്രസ്തുത നിബന്ധനങ്ങൾക്ക് വിപരീതമായി ലേലം/ദർഘാസ് കൊണ്ടയാൾ നിലകൊള്ളുകയാണെങ്കിൽ ടിയാൻ അടച്ചതുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതായിരിക്കും.

ലേല നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ പ്രവർത്തിക്കുകയാണെങ്കിൽ മരം പുനർലേലം ചെയ്യുന്നതും പുനർലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം മുൻലേലക്കാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും. ലേലം മാറ്റി വയ്ക്കുന്നതിനോ സ്ഥിരപ്പെടുത്തിയ ലേലം യാതൊരു കാരണവും പറയാതെ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം സംസ്ഥാന പോലീസ് മേധാവിൽ നിക്ഷിപ്തമാണ്.

Merin Joseph IPS
Assistant Inspector General
For Director General of Police-cum-State
Police Chief

| | | |
|---|---|---|
| To | : | 1. പി എച്ച് ക്യൂ ഡ്യൂട്ടി ഓഫീസർക്ക് ആവിശ്യമായ നടപടികൾക്കായി അയയ്ക്കുന്നു. (ടി ലേല പരസ്യത്തിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്) 2. പി. എച്ച്. ക്യൂ. ക്യാഷ്യർ ക്ക് തുടർനടപടികൾക്കായി അയയ്ക്കുന്നു. 3. തിരു. സിറ്റി പോലിസ് കമ്മീഷണർ/തിരു. റൂറൽ ജില്ലാ പോലിസ് മേധാവി/കമാണ്ടാന്റ്റ് SAP/പോലിസ് ചീഫ് സ്റ്റോർ കീപ്പർ എന്നിവർക്ക് അറിവിലേക്കും പരസ്യത്തിനും നൽകുന്നു. |
| Copy To | : | IGP, സൈബർ ഓപ്പറേഷൻ, തിരുവനന്തപുരത്തിനു പോലിസ് വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിലേക്കായി നൽകുന്നു. |